സ്ത്രീ പീഡനം സംബന്ധിച്ച കേസുകൾ

33. [33] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീ പീഡനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ത്രീ പീഡനങ്ങൾ നടന്നിട്ടുണ്ട്.

(സി) എത്ര സ്ത്രീ പീഡനകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എത്ര കേസുകളിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്;

(ഡി) എത്ര കേസ്സുകളിൽ അന്വേഷണം നടത്തി;

(ഇ) എത്ര കേസ്സുകളിൽ അന്വേഷണം നടത്തി നടപടിക്രമം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) സ്ത്രീ പീഡനത്തിന്റെ ഭാഗമായി എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സ്ത്രീ പീഡനകേസ്സുകളിൽ ശിക്ഷ നൽകിയ കേസ്സുകൾ എത്രയാണ്?

ഉത്തരം

(എ) സ്ത്രീപീഡനകേസ്സുകളിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 29509 കേസുകൾ

(സി) രജിസ്റ്റർ ചെയ്ത സ്ത്രീ പീഡനകേസ്സ് 29509 ചാർജ്ജ് ഷീറ്റ് നൽകിയത് 23559.

(ഡി) 29509

(ഇ) 25541

(എഫ്) സ്ത്രീ പീഡന കൊലപാതകങ്ങൾ-139 സ്ത്രീ പീഡന കേസുകളിൽ ശിക്ഷ നൽകിയത്-448

ആദിവാസി/ദളിത് വനിതാ ബലാൽത്സംഗ കേസ്സുകൾ

34. [34] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസി/ദളിത് വനിതകൾ ലൈംഗികമായി പീഡനത്തിനും ബലാൽസംഗത്തിനും ഇരയായിട്ടുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ തീർപ്പായിട്ടുണ്ട് എന്നും അവയിൽ എത്ര കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷലഭിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ--സി) വിവരം ശേഖരിച്ചു വരുന്നു.

ന്യൂനപക്ഷ സ്ഥാപനങ്ങൾക്കും പുരോഹിതന്മാർക്കും എതിരെ ഉണ്ടായ ആക്രമണം

35. [35] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ ന്യൂനപക്ഷ സ്ഥാപനങ്ങൾക്കും പുരോഹിതന്മാർക്കും എതിരെ മാർക്സിസ്റ്റ് പാർട്ടിയുടെയും അതിന്റെ പോഷക സംഘടനകളുടെയും സംഘടിത ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ആക്രമണങ്ങളുണ്ടായി; എവിടെയെല്ലാം; ആർക്കെല്ലാം എതിരെയാണ് ഈ ആക്രമണങ്ങളുണ്ടായത്;

(സി) ഇതുമൂലം എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി; എന്തു തുകയ്ക്കുള്ള നഷ്ടം ഇതുമൂലമുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ--സി) വിവരം ശേഖരിച്ചു വരുന്നു.

പെൺവാണിഭ കേസ്സുകളുടെ അന്വേഷണം

36. [36] ശ്രീ. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം പെൺവാണിഭ കേസ്സുകളിലാണ് അന്വേഷണം നടത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ കേസിന്റെയും അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഓരോ കേസ്സിലും ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്.

(ഡി) ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly